# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298, മൊബൈൽ : 9495119702


2020 ഫെബ്രുവരി 15

# വാർത്താക്കുറിപ്പ്

## പ്രൊഫ. ബി. പ്രകാശ്കുമാർ എം.ജി. രജിസ്ട്രാർ; ഡോ. സി.എം. ശ്രീജിത്ത് പരീക്ഷ കൺട്രോളർ - ബിജു മാത്യു ഫിനാൻസ് ഓഫീസർ

മഹാത്മാഗാന്ധി സർവകലാശാല രജിസ്ട്രാറായി പ്രൊഫ. ബി. പ്രകാശ്കുമാറിനെയും പരീക്ഷ കൺട്രോളറായി ഡോ. സി.എം. ശ്രീജിത്തിനെയും ഫിനാൻസ് ഓഫീസറായി ബിജു മാത്യുവിനെയും നിയമിച്ചു. വൈസ് ചാൻസലർ പ്രൊഫ. സാബുതോമസിന്റെ അധ്യക്ഷതയിൽ നടന്ന സിൻഡിക്കേറ്റ് യോഗത്തിലാണ് തീരുമാനം. ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നാലു വർഷത്തേക്കാണ് നിയമനം.

നിലവിൽ പരീക്ഷ കൺട്രോളറുടെയും കോളജ് ഡെവലപ്മെന്റ് കൗൺസിൽ ഡയറക്ടറുടെയും ചുമതല വഹിച്ചിരുന്ന പ്രൊഫ. ബി. പ്രകാശ് കുമാർ സ്കൂൾ ഓഫ് ബയോസയൻസസിലെ പ്രൊഫസറാണ്. പാലാ സെന്റ് തോമസ് കോളജിൽ ബയോകെമിസ്ട്രി വകുപ്പ് മേധാവിയായിരിക്കെയാണ് 2010ൽ സ്കൂൾ ഓഫ് ബയോസയൻസസിൽ അധ്യാപകനായത്. കേരള സർവകലാശാലയിൽ ബിരുദാനന്തരബിരുദം പൂർത്തീകരിച്ചശേഷം ശ്രീചിത്തിരതിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസ് ആൻഡ് ടെക്നോളജിയിൽനിന്ന് സയൻസിൽ പിഎച്ച്.ഡി. നേടി. എം.ജി. സർവകലാശാല അക്കാദമിക് കൗൺസിൽ അംഗമാണ്. സർവകലാശാല സെനറ്റ് അംഗമായിരുന്നു. ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലയിലെ സയൻസ്, ടെക്നോളജി ആൻഡ് എഡ്യൂക്കേഷൻ ഡീനാണ്. തിരുവനന്തപുരം മൺവിള സ്വദേശിയാണ്. നിലവിൽ കോട്ടയം കളത്തിപ്പടിയിലാണ് താമസം. ഭാര്യ: ഷീബ രവി (ജില്ലാ സൈനിക ക്ഷേമ ഓഫീസർ, കോട്ടയം) മകൻ: വേദാന്ത്(ബോംബെ ഐ.ഐ.ടി. വിദ്യാർഥി).

പരീക്ഷ കൺട്രോളറായി നിയമിക്കപ്പെട്ട ഡോ. സി.എം. ശ്രീജിത് മാല്യങ്കര എസ്.എൻ.എം. കോളജ് പ്രിൻസിപ്പലാണ്. മഹാത്മാഗാന്ധി സർവകലാശാലയിൽനിന്ന് ബിരുദാനന്തരബിരുദവും ബോട്ടണിയിൽ പിഎച്ച്.ഡിയും നേടി. എം.ജി.യിൽ ബോട്ടണി ബോർഡ് ഓഫ് സ്റ്റഡീസ് അംഗമായിരുന്നു. നിലവിൽ ബോട്ടണി ഫാക്കൽറ്റി അംഗമാണ്. ചാലക്കുടി കോടശേരി മേറ്റിപ്പാടം ചിറ്റിയത്ത് മാധവന്റെ മകനാണ്. നിലവിൽ വടക്കൻ പറവൂരാണ് താമസം. ഭാര്യ: സ്മിത എം. ചെല്ലപ്പൻ(സീനിയർ അക്കൗണ്ടന്റ്, കൊച്ചിൻ പോർട്ട്ട്രസ്റ്റ്) മക്കൾ: സിദ്ധാർഥ് മാധവ് (ആലുവ യു.സി. കോളജ് വിദ്യാർഥി), ശ്രീ പാർവതി(വിദ്യാർഥി).

കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എൻജിനീയറിങ് കമ്പനി ലിമിറ്റഡിൽ ഫിനാൻസ് വിഭാഗം ജനറൽ മാനേജരാണ് ഫിനാൻസ് ഓഫീസറായി നിയമിതനായ ബിജു മാത്യു. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോസ്റ്റ് അക്കൗണ്ട്സ് ഓഫ് ഇന്ത്യയിൽ ഫെലോഷിപ്പ് മെമ്പറാണ്. മൂവാറ്റുപുഴ വാഴക്കുളം സ്വദേശിയാണ്. ഭാര്യ: ഡെൻസി ബിജു മകൻ: സബിൻ ബിജു(വിദ്യാർഥി)

രജിസ്ട്രാറായി പ്രൊഫ. ബി. പ്രകാശ് കുമാർ ചുമതലയേറ്റു. രജിസ്ട്രാറുടെ ചുമതലവഹിച്ചിരുന്ന സംസ്ഥാന എൻ.എസ്.എസ്. ഓഫീസർ പ്രൊഫ. കെ. സാബുക്കുട്ടനിൽനിന്നാണ് ചുമതല ഏറ്റെടുത്തത്. വൈസ്ചാൻസലർ പ്രൊഫ. സാബു തോമസ്, പ്രോ-വൈസ് ചാൻസലർ പ്രൊഫ. സി.ടി. അരവിന്ദകുമാർ, സിൻഡിക്കേറ്റംഗങ്ങളായ പ്രൊഫ. കെ.എം. കൃഷ്ണൻ, പ്രൊഫ. കെ. ജയചന്ദ്രൻ, പ്രൊഫ. ബിസ്മി ഗോപാലകൃഷ്ണൻ, പ്രൊഫ. സന്തോഷ് പി. തമ്പി, മുൻ രജിസ്ട്രാർ പ്രൊഫ. കെ. സാബുക്കുട്ടൻ, അധ്യാപകരുടെയും ജീവനക്കാരുടെയും സംഘടന നേതാക്കളായ ഡോ. പി.ആർ. ബിജു, വി.പി. മജീദ്, ജോസ് മാത്യു, ആർ. വെങ്കിടേശ്വരൻ എന്നിവർ സംസാരിച്ചു. വൈസ് ചാൻസലർ, പ്രോ വൈസ്

ചാൻസലർ, രജിസ്ട്രാർ തസ്തികകളിൽ ഒരേസമയം മഹാത്മാ ഗാന്ധി സർവകലാശാല കാമ്പസിലെ അധ്യാപകർ നിയോഗിക്കപ്പെടുന്നത് ഇതാദ്യമാണ്.

## ഫോട്ടോ ക്യാപ്ഷൻ

1. **മഹാത്മാ ഗാന്ധി സർവകലാശാല രജിസ്ട്രാറായി പ്രൊഫ. ബി. പ്രകാശ് കുമാർ ചുമതലയേൽക്കുന്നു. മുൻ രജിസ്ട്രാറും സംസ്ഥാന എൻ.എസ്.എസ്. ഓഫീസറുമായ പ്രൊഫ. കെ. സാബുക്കുട്ടൻ, പ്രോ വൈസ് ചാൻസലർ പ്രൊഫ. സി.റ്റി. അരവിന്ദകുമാർ, വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ്, സിൻഡിക്കേറ്റംഗം പ്രൊഫ. ബിസ്മി ഗോപാലകൃഷ്ണൻ എന്നിവർ സമീപം**

2. **രജിസ്ട്രാറായി ചുമതലയേറ്റ പ്രൊഫ. ബി. പ്രകാശ് കുമാർ വൈസ്ചാൻസലർ പ്രൊഫ. സാബു തോമസിന് മധുരം നൽകുന്നു. മുൻ രജിസ്ട്രാറും സംസ്ഥാന എൻ.എസ്.എസ്. ഓഫീസറുമായ പ്രൊഫ. കെ. സാബുക്കുട്ടൻ, പ്രോ-വൈസ് ചാൻസലർ പ്രൊഫ. സി.ടി. അരവിന്ദകുമാർ എന്നിവർ സമീപം**

3. **മഹാത്മാഗാന്ധി സർവകലാശാല രജിസ്ട്രാറായി നിയമിതനായ പ്രൊഫ. ബി. പ്രകാശ് കുമാർ**

4. **മഹാത്മാഗാന്ധി സർവകലാശാല പരീക്ഷ കൺട്രോളറായി നിയമിതനായ ഡോ. സി.എം. ശ്രീജിത്**

5. **മഹാത്മാഗാന്ധി സർവകലാശാല ഫിനാൻസ് ഓഫീസറായി നിയമിതനായ ബിജു മാത്യു**

(പി.ആർ.ഒ/39/232/2020)

## പരീക്ഷ തീയതി

ഒന്നാം സെമസ്റ്റർ എം.എസ്‌സി. ഫിഷറി ബയോളജി ആന്റ് അക്വാകൾച്ചർ (2019 അഡ്മിഷൻ റഗുലർ) പരീക്ഷകൾ ഫെബ്രുവരി 20 മുതൽ ആരംഭിക്കും. പിഴയില്ലാതെ ഫെബ്രുവരി 17 വരെയും 525 രൂപ പിഴയോടെ 18 വരെയും 1050 രൂപ സൂപ്പർഫൈനോടെ 19 വരെയും അപേക്ഷിക്കാം.

(പി.ആർ.ഒ/39/233/2020)

ഒന്നാം സെമസ്റ്റർ എം.എഡ്. (സ്‌പെഷൽ എജ്യൂക്കേഷൻ - ഇന്റലക്ച്വൽ ഡിസെബിലിറ്റി - ദ്വിവത്സരം - 2019 അഡ്മിഷൻ റഗുലർ) പരീക്ഷകൾ മാർച്ച് മൂന്നുമുതൽ നടക്കും. പിഴയില്ലാതെ ഫെബ്രുവരി 18 വരെയും 525 രൂപ പിഴയോടെ 19 വരെയും 1050 രൂപ സൂപ്പർഫൈനോടെ 20 വരെയും അപേക്ഷിക്കാം. റഗുലർ വിദ്യാർഥികൾ 210 രൂപ സി.വി. ക്യാമ്പ് ഫീസായി പരീക്ഷഫീസിന് പുറമെ അടയ്ക്കണം.

(പി.ആർ.ഒ/39/234/2020)

## പുതുക്കിയ പരീക്ഷ തീയതി

2019 നവംബർ 12ന് നടത്താനിരുന്ന ഒന്നാം സെമസ്റ്റർ എം.എച്ച്.എം. ആന്റ് എം.ടി.ടി.എം. (2019 അഡ്മിഷൻ - റഗുലർ) പരീക്ഷകൾ ഫെബ്രുവരി 20 മുതൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്‌സൈറ്റിൽ.

(പി.ആർ.ഒ/39/235/2020)

## അപേക്ഷ തീയതി

അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. സൈബർ ഫോറൻസിക് യു.ജി. പരീക്ഷയിൽ പരാജയപ്പെട്ട വിദ്യാർഥികൾക്ക് പിഴയില്ലാതെ ഫെബ്രുവരി 18മുതൽ 22 വരെയും 525 രൂപ പിഴയോടെ 24 വരെയും 1050 രൂപ സൂപ്പർഫൈനോടെ 25 വരെയും സർവകലാശാല പോർട്ടലിലൂടെ അപേക്ഷിക്കാം. വിദ്യാർഥികൾ പേപ്പറൊന്നിന് 35 രൂപ വീതം (സെമസ്റ്ററിന് പരമാവധി 210 രൂപ) സി.വി. ക്യാമ്പ് ഫീസടയ്ക്കണം. കൂടാതെ രജിസ്‌ട്രേഷൻ ഫീസായി 55 രൂപയും പരീക്ഷഫീസിന് പുറമെ അടയ്ക്കണം. ഇന്റേണൽ മൂല്യനിർണയ റീഡു പരീക്ഷയ്ക്ക് അപേക്ഷിക്കുന്നവർ പേപ്പറൊന്നിന് 105 രൂപ വീതം അടയ്ക്കണം. പ്രൊജക്ട് മൂല്യനിർണയത്തിന് 80 രൂപ പ്രൊജക്ട് ഇവാല്യുവേഷൻ ഫീസടയ്ക്കണം. പരീക്ഷ തീയതി പിന്നീട്.

(പി.ആർ.ഒ/39/236/2020)

## പ്രാക്ടിക്കൽ

2019 നവംബറിൽ നടന്ന ഒന്നാം സെമസ്റ്റർ ബി.എസ്.സി. സൈബർ ഫോറൻസിക് (സി.ബി.സി.എസ്. - റഗുലർ) പരീക്ഷയുടെ പ്രാക്ടിക്കൽ ഫെബ്രുവരി 19 മുതൽ 25 വരെ അതത് കോളേജുകളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്‌സൈറ്റിൽ.

(പി.ആർ.ഒ/39/237/2020)

2020 ജനുവരിയിൽ നടന്ന മൂന്നാം സെമസ്റ്റർ എം.പി.എഡ്. (2018 അഡ്മിഷൻ റഗുലർ/2015 അഡ്മിഷൻ മുതൽ സപ്ലിമെന്ററി) പരീക്ഷയുടെ പ്രാക്ടിക്കൽ ഫെബ്രുവരി 25ന് മൂലമറ്റം സെന്റ് ജോസഫ്സ് അക്കാദമി ഓഫ് ഹയർ എജ്യൂക്കേഷൻ ആന്റ് റിസർച്ചിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്‌സൈറ്റിൽ.

(പി.ആർ.ഒ/39/238/2020)

## ബി.ടെക് പുനർമൂല്യനിർണയം; അപേക്ഷിക്കാം

സിൻഡിക്കേറ്റ് മോഡറേഷൻ റദ്ദാക്കപ്പെട്ടതുമൂലം ബി.ടെക് ഡിഗ്രി കോഴ്സിൽ പരാജയപ്പെട്ട വിദ്യാർഥികൾക്ക് 2018 ഡിസംബറിൽ നടന്ന ഒന്നുമുതൽ എട്ടുവരെ സെമസ്റ്റർ സപ്ലിമെന്ററി പരീക്ഷകളുടെ പുനർമൂല്യനിർണയത്തിന് ഫെബ്രുവരി 20 വരെ അപേക്ഷിക്കാം. 2019 ഡിസംബർ 13ലെ വിജ്ഞാപനപ്രകാരം അപേക്ഷിച്ചവർ വീണ്ടും അപേക്ഷിക്കേണ്ടതില്ല.

(പി.ആർ.ഒ/39/239/2020)

## നെടുങ്കണ്ടം എം.ജി. സർവകലാശാല

## സാറ്റലൈറ്റ് സെന്റർ ഉദ്ഘാടനം നാളെ (ഫെബ്രുവരി 17)

മഹാത്മാ ഗാന്ധി സർവകലാശാല നെടുങ്കണ്ടത്ത് ആരംഭിക്കുന്ന സാറ്റലൈറ്റ് സെന്ററിന്റെ ഉദ്ഘാടനം നാളെ (ഫെബ്രുവരി 17 തിങ്കളാഴ്ച) വൈദ്യുതി വകുപ്പ് മന്ത്രി എം.എം. മണി നിർവഹിക്കും. രാവിലെ 10.30ന് പഞ്ചായത്ത് യു.പി. സ്കൂൾ അങ്കണത്തിൽ നടക്കുന്ന ചടങ്ങിൽ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് അധ്യക്ഷത വഹിക്കും. അഡ്വ. ഡീൻ കുര്യാക്കോസ് എം.പി. വിവിധ കോഴ്സുകളുടെ ഉദ്ഘാടനം നിർവഹിക്കും. എം.എൽ.എ.മാരായ പി.ജെ. ജോസഫ്, റോഷി അഗസ്റ്റിൻ, എസ്. രാജേന്ദ്രൻ, ഇ.എസ്. ബിജിമോൾ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കൊച്ചുത്രേസ്യ പൗലോസ്, മുൻ എം.പി. ജോയ്സ് ജോർജ്, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എസ്. ജ്ഞാനസുന്ദരൻ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് റെജി പനച്ചിക്കൽ, സിൻഡിക്കേറ്റംഗങ്ങളായ അഡ്വ. പി.കെ. ഹരികുമാർ, പ്രൊഫ. ടോമിച്ചൻ ജോസഫ്, ഡോ. എ. ജോസ്, വനം വികസന കോർപ്പറേഷൻ ഡയറക്ടർ പി.എൻ. വിജയൻ, ഡി.എ.എസ്.പി. ഡയറക്ടർ ഡോ. റോബിനറ്റ് ജേക്കബ്, ജനപ്രതിനിധികളായ മോളി മൈക്കിൾ, നിർമ്മല നന്ദകുമാർ, തോമസ് തെക്കേൽ, ശ്രീമന്ദിരം ശശികുമാർ, ജി. ഗോപാലകൃഷ്ണൻ, കെ.എൻ. തങ്കപ്പൻ, രാഷ്ട്രീയ കക്ഷി നേതാക്കൾ, ടി.എം. ജോൺ എന്നിവർ പങ്കെടുക്കും. സിൻഡിക്കേറ്റംഗം ഡോ. ആർ. പ്രഗാഷ് റിപ്പോർട്ട് അവതരിപ്പിക്കും.

സാറ്റലൈറ്റ് കേന്ദ്രത്തിൽ ഫോറെക്സ് മാനേജ്മെന്റിൽ പി.ജി. സർട്ടിഫിക്കറ്റ് കോഴ്സും എന്റർപ്രണർഷിപ്പ് മാനേജ്മെന്റ്, ഇവന്റ് മാനേജ്മെന്റ്, സൈബർ നിയമം, ഫിലിം-കൾച്ചർ-സൊസൈറ്റി, വാട്ടർ ഹാർവെസ്റ്റിംഗ് ആന്റ് മാനേജ്മെന്റ് എന്നീ വിഷയങ്ങളിൽ സർട്ടിഫിക്കറ്റ് കോഴ്സും നടത്തും.

ജൂലൈയോടെ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ, ഡേറ്റാ ബിസിനസ് അനലെറ്റിക്സ്, ഡിജിറ്റൽ മാർക്കറ്റിംഗ് എന്നിവയിൽ പി.ജി. ഡിപ്ലോമ കോഴ്സുകളും കമ്പ്യൂട്ടറൈസ്ഡ് ഫിനാൻഷ്യൽ അക്കൗണ്ടിംഗ് ആന്റ് ടാക്സേഷനിൽ ഡിപ്ലോമ കോഴ്സും ബിസിനസ് ഡേറ്റാ അനാലിസിസ് (ടാലി, എം.എസ്. എക്സൽ) സർട്ടിഫിക്കറ്റ് കോഴ്സും ആരംഭിക്കും.

ഇതോടനുബന്ധിച്ച് സേവനകേന്ദ്രവും ആരംഭിക്കും. വിദ്യാർഥികൾക്ക് ഫീസടയ്ക്കാനും അപേക്ഷകൾ നൽകാനും സൗകര്യമൊരുക്കുന്നതിനൊപ്പം സർവകലാശാല വിവരങ്ങളും അറിയിപ്പുകളും ഇവിടെ ലഭ്യമാക്കും.

(പി.ആർ.ഒ/39/240/2020)

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ